## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2948 — 22.06.2012-ൽ മറുപടിയ്ക്ക്

## സച്ചാർ സമിതി ശുപാർശകൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി | അന്തിമ മറുപടി |
|---|---|---|
| (എ) ജസ്റ്റീസ് രാജീന്ദർ സച്ചാർ സമർപ്പിച്ച റിപ്പോർട്ടുകൾ നടപ്പാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി വേങ്ങരയിൽ ഒരു പരിശീലന കേന്ദ്രം ആരംഭിച്ചു. കാസർഗോഡ്, കാഞ്ഞിരപ്പള്ളി, പത്തനംതിട്ട, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി. കേരള മദ്രസാദ്ധ്യാപക ക്ഷേമ നിധി ഫണ്ട് പൂർണ്ണമായും പലിശ രഹിതമാക്കി പുനരാവിഷ്കരിച്ചു. മുസ്ലീം പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് തുകയും ഹോസ്റ്റൽ സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുകയും വരുമാന പരിധി 4.5 ലക്ഷം രൂപയാക്കി ഉയർത്തി നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സംസ്ഥാനത്തെ ന്യൂനപക്ഷ ജനതയെ ബോധവൽകരിക്കുന്നതിനും അവർക്കായുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അവരെ സഹായിക്കുന്നതിനുമായി 1000 പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി. | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി വേങ്ങരയിൽ ഒരു പരിശീലന കേന്ദ്രം ആരംഭിച്ചു. കാസർഗോഡ്, കാഞ്ഞിരപ്പള്ളി, പത്തനംതിട്ട, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി. കേരള മദ്രസാദ്ധ്യാപക ക്ഷേമ നിധി ഫണ്ട് പൂർണ്ണമായും പലിശ രഹിതമാക്കി പുനരാവിഷ്കരിച്ചു. മുസ്ലീം പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് തുകയും ഹോസ്റ്റൽ സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുകയും വരുമാന പരിധി 4.5 ലക്ഷം രൂപയാക്കി ഉയർത്തി നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സംസ്ഥാനത്തെ ന്യൂനപക്ഷ ജനതയെ ബോധവൽകരിക്കുന്നതിനും അവർക്കായുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അവരെ സഹായിക്കുന്നതിനുമായി 1000 പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കാനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി. |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം മുസ്ലീം ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ മുസ്ലീം വിഭാഗത്തിൽ നിന്നുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന കാര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലും അടുത്തസമയത്ത് സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും (ഇ) യും വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | |
| (ഡി) സച്ചാർ സമിതി ശുപാർശകൾ നടപ്പാക്കിയതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പീരിയോഡിക്കൽ സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ടോ; | |
| (ഇ) അതനുസരിച്ച് സംസ്ഥാന സർക്കാർ പ്രോഗ്രസ് റിപ്പോർട്ടുകൾ അയക്കാറുണ്ടോ; വിശദാംശം നൽകുമോ? | |

(ബി) യും (സി) യും സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) യും (ഇ) യും സച്ചാർ സമിതി ശുപാർശകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ അർദ്ധ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ആഫീസർ.